**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - 44-ാമത് കേരള സംസ്ഥാന ജൂനിയർ വോളിബോൾ ചാമ്പ്യൻഷിപ്പ് 2016 – ആലത്തൂർ, നെന്മാറ ബ്ലോക്ക് പരിധിയിൽ വരുന്ന പതിനൊന്ന് ഗ്രാമപഞ്ചായത്തുകളിൽ നിന്നും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.3324/2016/തസ്വഭവ തിരുവനന്തപുരം, തീയതി, 05/12/2016

പരാമർശം:- 1. ശ്രീ. കെ.ഡി. പ്രസേനൻ എം.എൽ.എ യുടെ 25/10/2016 ലെ കത്ത്
2. സ.ഉ.(എം.എസ്)58/06/തസ്വഭവ തീയതി 16/02/2006.

**<u>ഉത്തരവ്</u>**

44-ാമത് കേരള സംസ്ഥാന ജൂനിയർ വോളിബോൾ ചാമ്പ്യൻഷിപ്പ് 2016 നവംബർ 12 മുതൽ 15 വരെ പാലക്കാട് ജില്ലയിലെ GHSS കിഴക്കഞ്ചേരിയിൽ നടക്കുന്നതിന്റെ ചെലവിലേക്കായി ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകണമെന്ന് പരാമർശം (1) ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. 2016 നവംബർ 12 മുതൽ 15 വരെ പാലക്കാട് ജില്ലയിലെ GHSS കിഴക്കഞ്ചേരിയിൽ നടന്ന 44-ാമത് കേരള സംസ്ഥാന ജൂനിയർ വോളിബോൾ ചാമ്പ്യൻഷിപ്പിന്റെ സംഘാടന ചെലവുകൾക്കായി ആലത്തൂർ, നെന്മാറ ബ്ലോക്ക് പരിധിയിൽ വരുന്ന പതിനൊന്ന് പഞ്ചായത്തുകളായ ആലത്തൂർ, എരിമയൂർ, കിഴക്കൻഞ്ചേരി, പുതുക്കോട്, തരൂർ, വടക്കഞ്ചേരി, കണ്ണമ്പ്ര, അയിലൂർ, മേലാർകോട്, നെന്മാറ, വണ്ടാഴി എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നും പരമാവധി 10000/- (പതിനായിരം) രൂപ വീതം സംഭാവന നൽകുന്നതിന് അവരുടെ കമ്മിറ്റി / കൗൺസിൽ തീരുമാനത്തിനും പരാമർശം (2) ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സംഭാവന നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 44-ാമത് കേരള സംസ്ഥാന ജൂനിയർ വോളിബോൾ ചാമ്പ്യൻഷിപ്പ് 2016 ജനറൽ കൺവീനർ (പ്രിൻസിപ്പാൾ, GHSS കിഴക്കഞ്ചേരി) ആഡിറ്റ് ചെയ്ത വരവ് ചെലവുകളുടെ അടിസ്ഥാനത്തിൽ ധന വിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എസ്.ഡി. സുനിൽകുമാർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് (പകർപ്പ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാക്കുന്നതിനായി)
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
Liya
സെക്ഷൻ ഓഫീസർ